# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD11/1434/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD11/1434/2022 തീയ്യതി: 22/07/2022

# പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ.ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീ.കെ.സി.ഹരിഗോബിന്ദ്, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.ആർ.രഞ്ജിത്. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.പൊന്നരാജ് @ രാജൻ | പ്രസിഡന്റ് | 01-04-2019 | 31-03-2022 |
| ശ്രീ.കെ.കെ.ജയകുമാർ | സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീമതി.എം.രാധ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-07-2019 | 28-07-2019 |
| ശ്രീ.ജി.രാധാകൃഷ്ണൻ | സെക്രട്ടറി | 29-07-2019 | 22-10-2019 |
| ശ്രീ.എം.രമേഷ്കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-10-2019 | 30-10-2019 |
| ശ്രീ.ഷാജു.പി.എ | സെക്രട്ടറി | 31-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| Smt.Shipi.S | Asst.Engineer | 01-04-2019 | 27-11-2019 |
| ശ്രീ.രവി.വി | അസി.എഞ്ചിനിയർ | 28-11-2019 | 09-02-2020 |
| ശ്രീമതി.വിനിത.പി | അസി.എഞ്ചിനിയർ | 10-02-2020 | 31-03-2020 |
| ശ്രീമതി.ശ്രീദേവി.വി.എം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.രാജൻ.വി.ബി | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-07-2019 |
| ഡോ.മുതൽരാജ് | വെറ്ററിനറി സർജ്ജൻ | 01-08-2019 | 12-08-2019 |
| ഡോ.ശക്തിവേൽ.ജി | വെറ്ററിനറി സർജ്ജൻ | 13-08-2019 | 06-03-2020 |
| ഡോ.ഫ്രാൻസിസ് അർപ്പുതദാസ്.ആർ | വെറ്ററിനറി സർജ്ജൻ | 07-03-2020 | 31-03-2020 |
| ശ്രീമതി.സൗദാമിനി | ഐ.ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീമതി.വസന്ത | ഐ.ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2019 | 25-12-2019 |
| ശ്രീമതി.റംലത്ത്.എം | ഐ.ഐ.സി.ഡി.എസ് സൂപ്പർവൈസർ | 26-12-2019 | 31-03-2020 |
| ഡോ.സുനിത അലക്സ് | മെഡിക്കൽ ഓഫീസർ(FHC) | 01-04-2019 | 31-03-2020 |
| ഡോ.വിനയകുമാർ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.ബിഷ്ണു.എസ്.പ്രസാദ് | മെഡിക്കൽ ഓഫീസർ(ISM) | 01-04-2019 | 06-07-2019 |
| | | 29-07-2019 | 18-12-2019 |
| | | 27-12-2019 | 31-03-2020 |
| ഡോ.സീമ ചന്ദ്രൻ | മെഡിക്കൽ ഓഫീസർ(ISM) | 07-07-2019 | 28-07-2019 |
| ഡോ.ബദറുദീൻ.കെ.പി | മെഡിക്കൽ ഓഫീസർ(ISM) | 19-12-2019 | 26-12-2019 |
| ശ്രീ.കൃഷ്ണദാസ്.പി | വി.ഇ.ഒ | 01-04-2019 | 01-01-2020 |
| ശ്രീമതി.പി.ജി.അനുഷാറാണി | വി.ഇ.ഒ | 02-01-2020 | 31-03-2020 |
| ശ്രീമതി.പി.ലീല | എച്ച്.എം | 01-04-2019 | 31-03-2020 |
| ശ്രീ.എം.വി.ധർമ്മൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 05-07-2019 |
| ശ്രീ.ജയപ്രകാശ്.സി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 06-07-2019 | 14-07-2019 |
| | | 19-07-2019 | 01-09-2019 |
| ശ്രീ.വിധു വർക്കി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-07-2019 | 18-07-2019 |
| ശ്രീമതി.അഫ്സ.എം.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-09-2019 | 31-03-2020 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ranjith. R (Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ranjith. R (Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Ranjith. R (Auditor, On 22-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ranjith. R (Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.C.Harigobind (Senior Grade Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Ranjith. R (Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 10-06-2022)<br>Last Updated By: Ranjith. R (Auditor, On 10-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-10 |
| 12 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പെർമിറ്റ് അനുവദിച്ചു<br>Written By: Ranjith. R (Auditor, On 22-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 23-06-2022) | 1-11 |
| 13 | എം.എസ്.എം.ഇ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയം-കൃത്യത വരുത്തേണ്ടതാണ്<br>Written By: Ranjith. R (Auditor, On 22-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 23-06-2022) | 1-12 |
| 14 | എ.ബി.സി. പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-13 |
| 15 | ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 23-06-2022) | 1-14 |
| 16 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-15 |
| 17 | പാലക്കുഴി ജല വൈദ്യുത പദ്ധതി ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് | 1-16 |

| | | |
|---|---|---|
| | Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | |
| 18 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം - തിരികെ ലഭ്യമായ തുക ചെലവഴിച്ചില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-17 |
| 19 | തെരുവ് വിളക്കുകളുടെ പരിപാലനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-18 |
| 20 | കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായം- അപാകതകൾ<br>Written By: Ranjith. R (Auditor, On 22-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-19 |
| 21 | മാഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-20 |
| 22 | ഭവന പുനരുദ്ധാരണം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല<br>Written By: Ranjith. R (Auditor, On 22-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 23-06-2022) | 1-21 |
| 23 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ<br>Written By: C.S.Santhosh (Audit Officer, On 22-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 25-06-2022) | 1-22 |
| 24 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകി<br>Written By: C.S.Santhosh (Audit Officer, On 22-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-23 |
| 25 | ശിവരാമഭാരതി എസ്.സി കോളനി കമ്മ്യൂണിറ്റി ഹാൾ പ്രയോജനപ്പെടുത്തേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 22-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-24 |
| 26 | SSA വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 22-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സോഡിയം വേപ്പർ ലാമ്പ് റിപ്പയറിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക നിരാകരിക്കുന്നു<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 10-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 10-06-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: C.S.Santhosh (Audit Officer, On 10-06-2022) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 10-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 10-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 10-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 10-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 20-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തേക്കുള്ള ബജറ്റ് 28.02.2019-ലെ തീരുമാനം നം. 1 പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 2564183 |
| തൻവർഷം വരവ് | 169173140 |
| ആകെ വരവ് | 171737323 |
| ചെലവ് | 167981540 |
| നീക്കിയിരിപ്പ് | 3755783 |

റിവൈസ്ഡ് ബജറ്റ് 18.02.2020 ലെ 12-ാം നമ്പർ തീരുമാനമായി പാസാക്കിയിട്ടുണ്ട്.

2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ അന്തരം ഉള്ളതായി കാണുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 16,91,73,140 | 11,99,94,496 |
| തൻവർഷത്തെ ചെലവ് | 16,79,81,540 | 10,22,09,682 |

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 12-5-2020 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. വാട്ടർ അതോറിറ്റി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06.12.2019-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 30.11.2019 വരെ വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള വെള്ളക്കരം കുടിശ്ശിക 5,12,30,121/- രൂപയാണ്. വർഷാവസാനത്തിലെ ബാധ്യതാ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 4,40,42,931/-രൂപയാണ്. ബാധ്യതാ തുക കുറവായി ഉൾപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റ് യഥാർത്ഥ ആസ്തി ബാധ്യതകളെ പ്രതിഫലിപ്പിക്കുന്നില്ല.

2. പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി ഷെയർ നൽകിയ 2,00,000/- രൂപ ബാലൻസ്ഷീറ്റിൽ ഇൻവെസ്റ്റ്മെന്റായി ഉൾപ്പെടുത്തിയിട്ടില്ല.

3. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി അക്കൗണ്ടിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

4. സംശയാസ്പദ കുടിശ്ശിക തുകകൾക്ക് തൻവർഷത്തേക്കുള്ള പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. പഞ്ചായത്ത് പരിപാലിച്ചിരുന്ന കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം ഇനത്തിൽ 8,07,582 രൂപ കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.02/14-06-2022-ന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11064801 |
| വരവ് | 119994496 |
| ആകെ | 131059297 |
| ചെലവ് | 102209682 |
| നീക്കിയിരിപ്പ് | 28849615 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 14043353 | 14043353 | 11,353,053 | 2690300 |
| വികസനഫണ്ട് -എസ്.സി.പി | 0 | 6271294 | 6271294 | 3,772,727 | 2498567 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 709000 | 709000 | 418,400 | 290600 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 5901000 | 5901000 | 3,892,913 | 2008087 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5348000 | 5348000 | 3,434,043 | 1913957 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 0 | 12036967 | 12036967 | 4,560,009 | 7476958.00 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS | 2148881.00 | 575,640.00 | 2724521 | 179305 | 2,545,216.00 |
| TSC | 1803759 | 1,548,000 | 3351759 | 194374 | 3,157,385.00 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 292890 | 2083946 | 2376836 | 2288524 | 88312 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 19291334 | 19291334 | 19291334 | 0 |
| ആകെ | 292890 | 21375280 | 21668170 | 21579858 | 88312 |

3. സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | 1803759 | 259952 | 2063711 | 519904 | 1543807 |
| ലൈഫ് | 0 | 21400000 | 21400000 | 5000000 | 16400000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 260891454 | 75 | 88411065 | 0 | 65 | 54 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 54% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 34% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 2866900 | 1975319 | 69 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 3975000 | 675000 | 17 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 1408050 | 657684 | 47 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 350000 | 350000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ-1 | 10 | 10 | 199355885 | 62260600 | 31 |
| വി.ഇ.ഒ-2 | 1 | 0 | 300000 | 0 | 0 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 3 | 5217420 | 1800862 | 35 |
| സെക്രട്ടറി | 39 | 22 | 15228078 | 8782029 | 58 |
| എച്ച്.എം | 5 | 1 | 1685990 | 547300 | 32 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 61 | 25 | 27316501 | 11027648 | 40 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 2987630 | 134623 | 5 |
| ആകെ | 140 | 75 | 260891454 | 88411065 | 34 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 292,890 | 2,083,946 | 2376836 | 2288524 | 88,312.00 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 19291334 | 19291334 | 19291334 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 292890 | 21375280 | 21668170 | 21579858 | 88312 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 8,640.00 | 10 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 5,94,000.00 | 136 |
| 3 | വിധവാ പെൻഷൻ | 39,45,600.00 | 1083 |
| 4 | വാർദ്ധക്യകാല പെൻഷൻ | 62,10,000.00 | 1619 |
| 5 | വികലാംഗ പെൻഷൻ | 5,74,800.00 | 178 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 81,000.00 | 20 |

## 1-8 ക്യാഷ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-06-2022 -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 3173/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശികയിനത്തിൽ നൽകുവാനുള്ള തുകയുടെ കൃത്യത ഉറപ്പാക്കി ആയത് തീർപ്പാക്കുന്നതിനുള്ള ശ്രമം കാലങ്ങളായി നടത്താത്തതിനാൽ നിലവിൽ അഞ്ചു കോടിയിലധികം കുടിശ്ശികയായുണ്ട്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥരും ഭരണസമിതിയും കാര്യക്ഷമമായി ഇടപെട്ടിട്ടില്ല.

വെള്ളക്കരം കുടിശ്ശികയുടെ കണക്ക് കൃത്യമായി സൂക്ഷിക്കാത്തത് മേലധികാരികളുടെ ഭാഗത്തുനിന്നുള്ള മേൽനോട്ടച്ചുമതലയുടെ പോരായ്മയാണ്.

തെരുവു വിളക്കുകളുടെ കൃത്യമായ കണക്കില്ലാതെയാണ് എ.എം.സി ക്കായി തുക ചെലവഴിക്കുന്നത്.

തനത് ഫണ്ട് സ്രോതസ്സുകൾ പരിമിതവും നീക്കിയിരിപ്പ് പരിമിതവും ആയ ഗ്രാമപഞ്ചായത്തിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ ശ്രമം ഉണ്ടാകേണ്ടതാണ്.

മേലധികാരികളുടേയും ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഇടപെടൽ മേൽ വിഷയങ്ങളിൽ ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5/2022 | 4/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.5.2011 | 2006-07 - 2010-11 | 1.7.2011 |

## 1-11 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പെർമിറ്റ് അനുവദിച്ചു

ഫയൽ നം.സി3-1303/2019 തീയതി 25.03.2019

പെർമിറ്റ് നം. സി3/ബിഎ(121358)/2019 തീയതി 29.05.2019

അപേക്ഷകന്റെ പേര്: സി. ഡെയ്സി തോമസ്, SMSM കോൺവെന്റ്, ഫാ. ജോൺ കൊട്ടാരംസ് ഗാർഡൻ, വണ്ണാമട.
പെർമിറ്റ് ലഭിച്ചയാളുടെ വിവരം: Mother Gendral Alias Peter Society Of Seva Missionary, Vannamada.

2818.38 ചതുരശ്ര മീറ്റർ സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിടം (Old Age Home) നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനാണ് (GF 1409.19 + FF 1409.19) അപ്പന്റിക്സ് എ-യിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. നിലവിലുള്ള 1463.24 ച.മീ (GF) കെട്ടിടത്തിനു മുകളിൽ 1463.24 ച.മീ FF നിർമ്മിക്കുന്നതായാണ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പെർമിറ്റ് അനുവദിച്ചിട്ടുള്ളത് നിലവിലുള്ള 1409.19 ച. മീ കെട്ടിടത്തോടൊപ്പം 788.84 ച. മീ നിർമ്മിക്കുന്നതിനാണ്.

സി3/ബിഎ(121358)/2019 തീയതി 29.05.2019 നമ്പർ പ്രകാരമാണ് 1463.24 ച. മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഒന്നാം നില പണിയുന്നതിന് പെർമിറ്റ് നൽകിയിരുന്നത്. ഈ നിർമ്മാണം പൂർത്തീകരിക്കാതെയാണ് നിലവിലുള്ള കെട്ടിടമായി (Existing) പ്ലാനിൽ കാണിച്ച് 1463.24 ച. മീ ഒന്നാം നില നിർമ്മിക്കുന്നതിന് (Extension) അപേക്ഷ സമർപ്പിച്ചത്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 55(4) പ്രകാരം 1000 ച. മീ വിസ്തീർണ്ണം അധികരിക്കുന്ന A2 ഒക്യുപ്പൻസി കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് അഗ്നിശമന സേനാ മേധാവിയിൽ നിന്നോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാര സാക്ഷ്യപത്രം ആവശ്യമാണ്. ചട്ടം 55(5A) പ്രകാരം 2500 ച.മീ നിർമ്മിത വിസ്തീർണ്ണത്തിൽ അധികരിക്കുന്ന കെട്ടിടങ്ങൾക്ക് പ്ലോട്ടിൽ തന്നെ ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സജ്ജീകരിക്കേണ്ടതാണ്. ചട്ടം 55(5B) പ്രകാരം 1500 ച.മീ നിർമ്മിത വിസ്തീർണ്ണത്തിൽ അധികരിക്കുന്ന കെട്ടിടങ്ങൾക്ക് മലിനജലം റീസൈക്കിൾ ചെയ്യുന്നതിനും പുനരുപയോഗിക്കുന്നതിനുമുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. മേൽ ചട്ടങ്ങൾ പാലിച്ചിട്ടില്ലെന്ന് കാണിച്ച് 09.04.2019-ന് സാങ്കേതിക വിഭാഗം അസി. എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടും കംപ്ലീഷൻ സമയത്ത് ഫയർ എൻ.ഒ.സി ഹാജരാക്കിയാൽ മതിയെന്ന് സെക്രട്ടറി നോട്ട് ഫയലിൽ രേഖപ്പെടുത്തി പെർമിറ്റ് അനുവദിച്ചിരിക്കുന്നു.

നിയമാനുസൃതമല്ലാതെ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 06.15-06-2022-ന് മറുപടി ലഭിച്ചില്ല.

### നിർദ്ദേശം

ആവശ്യമായ പരിശോധന നടത്തി ചട്ടപ്രകാരം ആവശ്യമായ രേഖകൾ ഇല്ലെന്ന് കാണുന്ന പക്ഷം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ രേഖകൾ സഹിതമുള്ള വിശദീകരണം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-12 എം.എസ്.എം.ഇ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയം-കൃത്യത വരുത്തേണ്ടതാണ്

ഫയൽ നം. : സി3-615/2020 തീയതി 18.02.2020

അനുവദിച്ച കെട്ടിട നമ്പർ : 3/480

കെട്ടിട ഉടമയുടെ പേര്, വിലാസം: ബീന ലാസർ, ലിൻസ് ബേക്കേഴ്സ് & ഫുഡ്സ്, വില്ലൂന്നി, എരുത്തേമ്പതി.
കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം : 425.34 ച. മീ

മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമം രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. സ്ഥാപനം യഥാർത്ഥ എം.എസ്.എം.ഇ ആണെന്ന് തെളിയിക്കുന്ന ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്റ്റ്രേഷൻ സർട്ടിഫിക്കറ്റ്

ഫയലിലിൽ സൂക്ഷിച്ചിട്ടില്ല.

രേഖ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.07/15.06.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റ പ്രകാരം ആകെ 26 കെട്ടിടങ്ങൾക്കാണ് എം.എസ്.എം.ഇ ഡെവലപ്മെൻറ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു നൽകിയിട്ടുള്ളത്. മേൽ കെട്ടിടങ്ങളുടെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്റ്റ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിർദ്ദേശം

2006 ലെ എം.എസ്.എം.ഇ ഡെവലപ്മെൻറ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും എം.എസ്.എം.ഇ ആണെന്ന് തെളിയിക്കുന്നതിനുള്ള ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്റ്റ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിക്കേണ്ടതാണ്. യഥാർത്ഥ എം.എസ്.എം.ഇ കൾ അല്ലാത്ത കെട്ടിടങ്ങൾക്ക് ഉപയോഗക്രമം അടിസ്ഥാനമാക്കി വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 എ.ബി.സി. പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുവാനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരം താഴെ ചേർക്കുന്നു :

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് | 37/20 തെരുവ് നായക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്ക് (എ.ബി.സി. പ്രോഗ്രാം) ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 3,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./ തീയതി | ചെലവ് |
| 19/19-20/ 10/10/2019 | 3,50,000/- |

വികസന ഫണ്ടിൽ നിന്നും 3,50,000/- രൂപ ജില്ലാ പഞ്ചായത്തിന്റെ 799011400002200 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പദ്ധതി വിഹിതമായ 3,50,000/- രൂപയുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. തുക നാളിതുവരെ ചെലവഴിച്ചിട്ടില്ലെങ്കിൽ ആയത് തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 4/14.06.2022)

### 1-14 ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതം അനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് നിൽക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടം 3(2) പ്രകാരം കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 4(3) അനുശാസിക്കുന്ന രീതിയിൽ പ്രസ്തുത നിധി കൈകാര്യം ചെയ്യുവാനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന സബ്കമ്മിറ്റി വേണം.

ചട്ടം 4(4) നസഹായത്തിനുള്ള അപേക്ഷകളിൽ അന്വേഷണം നടത്തേണ്ടതാമ്. ചട്ടം 4(5) പ്രകാരം അർഹനായ വ്യക്തിക്ക് 500/- രൂപ അടിയന്തിര ധനസഹായമായി പ്രസിഡന്റിന് നൽകാവുന്നതാണ്. ചട്ടം 5 പ്രകാരം പ്രത്യേക ക്യാഷ് ബുക്ക്, മിനിട്സ് ബുക്ക്, രസീതി, ബാങ്ക് പാസ്സ് ബുക്ക്, തുടങ്ങിയവ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ചട്ടപ്രകാരമുള്ള ദുരിതാശ്വാസനിധി രൂപീകരിച്ചതായി കാണുന്നില്ല. ചട്ടങ്ങൾ അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വിശദവിവരങ്ങൾ :

1) വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

A.E മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കുള്ള അംഗീകാരം ലഭ്യമാക്കുവാനും ഒഴിവാക്കുവാനുമുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ നടപടിക്രമങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് കമ്മിറ്റി ഉറപ്പ് വരുത്തുന്നുണ്ട്. DPC യിൽ നിന്നും അംഗീകാരം ലഭ്യമാക്കുവാനായി പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനും ഉപേക്ഷിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നുണ്ട്.

2) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ബജറ്റ് തയ്യാറാക്കി കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ചെലവിന വൗച്ചറുകൾ എല്ലാ മാസവും പരിശോധിച്ച് അംഗീകാരം നൽകി വരുന്നുണ്ട്. നികുതി പിരിവ് കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് വിലയിരുത്തുന്നതോടൊപ്പം നികുതി പരമാവധി പിരിച്ചെടുക്കുവാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പെൻഷനുകൾക്കുള്ള അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുവാനായി അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന റിപ്പോർട്ടിനുള്ള അംഗീകാരം കമ്മിറ്റി നൽകി വരുന്നുണ്ട്.

4) ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ പരിസരങ്ങൾ വൃത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി തൊഴിലുറപ്പ് പദ്ധതികളുടെ സാധ്യതകൾ പരിഗണിച്ചിട്ടുണ്ട്.

## 1-16 പാലക്കുഴി ജല വൈദ്യുത പദ്ധതി ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്

പാലക്കുഴി ജല വൈദ്യുത പദ്ധതിക്കായി ജില്ലാ പഞ്ചായത്തിലേക്ക് വിഹിതം നൽകുവാനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് | 71/20-പാലക്കുഴി ജല വൈദ്യുത പദ്ധതി |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നം. /തീയതി | 28/19-20/23/01/2020 |
| ചെലവ് | 2,00,000/- |

പദ്ധതി വിഹിതം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (നം. 799011400002200) NEFT മുഖേന കൈമാറിയിട്ടുണ്ട്.

പ്രസ്തുത വിഹിതത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(15.06.2022ലെ അന്വേഷണ നം.9)

## 1-17 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം - തിരികെ ലഭ്യമായ തുക ചെലവഴിച്ചില്ല

സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്റ്റിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | S0051/21-എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ |
| അടങ്കൽ | 8,57,647/- രൂപ (വികസന ഫണ്ട് - SCP) |
| ബിൽ നം./ തീയതി | ചെലവ് |
| 56/10.03.2020 | 22,703/- |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ലാപ്പ്ടോപ്പുകൾ വാങ്ങി നൽകുവാനായി 16 എസ്.സി വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്. കേരള സർക്കാരിന്റെ കീഴിലുള്ള ഓൺലൈൻ പോർട്ടൽ ആയ Cprcs മുഖേന ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി അക്കൗണ്ട് നം. 799011400003959 ലേക്ക് 22,703/- രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. സപ്ലൈ ഓർഡർ സമർപ്പിച്ചിട്ടും ലാപ്ടോപ്പുകൾ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ലാപ് ടോപ്പുകൾ അടിയന്തിരമായി ലഭ്യമാക്കുവാനോ തുക തിരികെ ലഭ്യമാക്കുവാനോ ആവശ്യപ്പെട്ടുകൊണ്ട് 20-9-21 തിയതിയിൽ Cprcs ന്റെ നോഡൽ ഏജൻസിയായ KELTRON ലേക്ക് സെക്രട്ടറി കത്ത് (നം.1/126/21) അയച്ചതിന്റെ അടിസ്ഥാനത്തിൽ 28.09.2021 ന് Cprcs ൽ നിന്നും റീഫണ്ട് മൊഡ്യൂൾ മുഖേന കനറാ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗക്കൗണ്ടിലേക്ക് (നം. 17902201000017) 22,703/- രൂപ തിരികെ അടവാക്കിയിട്ടുണ്ട്. ഒരു മാസത്തിനകം ലാപ്ടോപ്പുകൾ ലഭ്യമാകാതിരുന്നതിനാൽ തുക തിരികെ ലഭ്യമാക്കി ഓപ്പൺ ടെണ്ടർ, ജെം എന്നീ മാർഗ്ഗങ്ങളിലൂടെ വാങ്ങാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നുവെങ്കിലും 2019-20 വർഷത്തിൽ അത്തരത്തിലുള്ള ശ്രമം നടത്താതിരുന്നതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പുകൾ ലഭ്യമാകാതിരുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്.

വിനിയോഗിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്ന 22,703/- രൂപ സർക്കാരിലേക്ക് ഒടുക്ക് വരുത്തി വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 3/14-6-22)

## 1-18 തെരുവ് വിളക്കുകളുടെ പരിപാലനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടതാണ്. ചുമതല കൃത്യമായി നിർവ്വഹിക്കുന്നതിനായി തെരുവു വിളക്കുകളുടെ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകളോടുകൂടി സൂക്ഷിച്ചിട്ടില്ല. 14 വാർഡുകളിലുള്ള പ്രവർത്തനക്ഷമമായ

തെരുവ് വിളക്കുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്താതെയാണ് തെരുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ടെണ്ടർ ഉറപ്പിച്ച നൽകിയിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. അറ്റകുറ്റപ്പണികൾക്കായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദാംശം താഴെ ചേർക്കുന്നു :

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് | 35/20-തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി |
| അടങ്കൽ | 4,95,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തീയതി | ചെലവ് |
| 32/19-20 /21/01/2020 | 1,43,049/- |
| 33/19-20 /21/01/2020 | 1,77,703/- |
| 34/19-20 /21/01/2020 | 1,74,248/- |
| ആകെ | 4,95,000/- |

ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത PWD കോൺട്രാക്ടറായ വിജയകുമാർ എന്നയാളാണ് അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചിട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ വർക്ക് ബില്ലുകൾ പ്രകാരം കൂടുതലും വൈദ്യുതി ഉപഭോഗം കൂടിയ തെരുവു വിളക്കുകളാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളതെന്ന് കണ്ടെത്തി. സോഡിയം വേപ്പർ ലാമ്പുകൾ, ഡബിൾ ട്യൂബുകൾ, സിംഗിൾ ട്യൂബുകൾ, എൽ.ഇ.ഡി, സി.എഫ്.എൽ എന്നീ ലാമ്പുകളുടെ പരിപാലനത്തിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

ആകെ ചെലവിൽ ആറ് സോഡിയം വേപ്പർ ലാമ്പുകൾ റിപ്പയർ ചെയ്തതിന് ആകെ – 15,449/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ സോഡിയം വേപ്പർ ലാമ്പുകൾ നിലവിലുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല.

1) 14.02.2018 ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.7.9.1 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈ വോൾട്ട് ഇൻകാൻഡസന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ പ്രോജക്റ്റുകൾ ഏറ്റെടുക്കുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിന് വിരുദ്ധമായി പ്രസ്തുത വിളക്കുകൾ AMC പ്രകാരം മാറ്റി സ്ഥാപിച്ചത് മാർഗ്ഗരേഖാ ലംഘനമാണ്.

2) തെരുവു വിളക്കുകളുടെ കൃത്യമായ കണക്കില്ലാതെ എ.എം.സി നടത്തിയതുമൂലം കരാറുകാരൻ സമർപ്പിക്കുന്ന ബില്ലിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കുവാൻ സാധ്യമായില്ല.

15.06.2022 ലെ അന്വേഷണം നം.8 ന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

എൽ.ഇ.ഡി ലാമ്പുകൾ മറ്റ് ലാമ്പുകളേക്കാൾ ആയസ്സ് കൂടിയതും ഊർജ്ജ ഉപഭോഗം കുറവുമായതിനാൽ എല്ലാ തെരുവിളക്കുകളും എൽ.ഇ.ഡി ലാമ്പുകൾ ആക്കുവാൻ മുൻഗണന നൽകേണ്ടതാണ്.

(ഖ. 3-1 കൂടി കാണുക)

## 1-19 കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായം- അപാകതകൾ

കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായം നൽകാനായി 2019-20 വർഷത്തിൽ താഴെ പറയുന്ന പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.

പ്രോജക്റ്റ് നം. 82/20 -കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായം നൽകൽ
അടങ്കൽ – 432880 (പ്ലാൻ ജന.)
1548000 (കേന്ദ്രാവിഷ്കൃതം)

ആകെ-1980880
ചെലവ് - 431200 (പ്ലാൻ)
169400 (കേന്ദ്രാവിഷ്കൃതം)
ആകെ - 600600

മേൽ പദ്ധതി പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 3400/- രൂപയും സ്വച്ഛ് ഭാരത് മിഷൻ ഫണ്ടിൽ നിന്നും 12000/- രൂപയുമുൾപ്പെടെ 15400/- രൂപ വീതം 129 ഗുണഭോക്താക്കൾക്ക് നൽകുവാനാണ് ലക്ഷ്യമിട്ടത്. എന്നാൽ 56 പേർക്ക് പ്ലാൻ ഫണ്ടിൽ നിന്നാണ് 7700/- രൂപ വീതം ഒന്നാം ഗഡു നൽകിയത്. 73 പേർക്ക് സ്വച്ഛ് ഭാരത് മിഷൻ ഫണ്ടിൽ നിന്നും ഒന്നാം ഗഡു അനുവദിച്ചു. 2020-21 വർഷം പദ്ധതി 116/21 നമ്പരായി സ്പിൽ ഓവർ ആക്കി 839300/- രൂപയും SBM ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

129 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു 7700/- രൂപ നൽകിയതിൽ 78 പേർ മാത്രമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. 50 പേർ പണി പൂർത്തിയാക്കിയിട്ടില്ല. നിലവിൽ പദ്ധതി തുടരുന്നുമില്ല.
പ്ലാൻ ഫണ്ടിൽ നിന്നും 3400/- രൂപ അനുവദിക്കേണ്ടിടത്ത് 7700/- രൂപ വീതം അനുവദിച്ചത് ക്രമപ്രകാരമല്ല.
240800 രൂപ (431200(56x7700)-190400(56x3400)) പ്ലാൻ ഫണ്ടിൽ നിന്നും അധികം അനുവധിച്ചതിലും 50 പേർ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ 50x7700=385000 രൂപ പാഴ്ചെലവായതിലും വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/20-06-2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശം

1. പ്ലാൻ ഫണ്ടിൽ നിന്നും അധികം അനുവദിച്ച 240800 രൂപ ഗ്രാമപഞ്ചായത്തിന്റെ സ്വച്ച് ഭാരത് മിഷൻ ഫണ്ടിലെ നീക്കിയിരിപ്പിൽ നിന്നും സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. തുക ക്രമീകരിക്കാത്തപക്ഷം സർക്കാരിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.
2. 50 പേരുടെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് സാധിക്കാത്ത പക്ഷം 385000 രൂപ ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 മാഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആകെ 3655 പേർക്കും തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. 1867 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെടുകയും തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. 18 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൻവർഷം 742 പദ്ധതികൾക്ക് 10,98,14,000 രൂപ അടങ്കലായി തുക വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ആകെ 270 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 261 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സാധന സാമഗ്രികൾ ഉൾപ്പെടുന്ന 6 പ്രവൃത്തികൾക്ക് 3,36,687 രൂപ മെറ്റീരിയൽസിന് ചെലവായി ട്ടുണ്ട്. തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 21668170/- രൂപയും തൻവർഷത്തെ ചെലവ് 21579858 രൂപയുമാണ്. തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ട്. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൻവർഷം 4 ആസ്തികളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.
വിശദവിവരം:

| ക്രമ നം. | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച തുക (ലക്ഷം) | ചെലവ് (ലക്ഷം) | ആകെ മനുഷ്യ ദിനം |
|---|---|---|---|---|
| 01 | ഫാം പോണ്ട് നിർമ്മാണം | 2.8932 | 2.7582 | 1003 |
| 02 | ഫാം പോണ്ട് നിർമ്മാണം | 2.7172 | 2.3128 | 841 |
| 03 | ചിന്നമൂലത്തറ യൂണിയൻ ഓഫീസ് മുതൽ | 1.9768 | 1.4097 | 35 |

| | | | | |
|---|---|---|---|---|
| | മാകാളിയമ്മൻ കോവിൽ വരെ റോഡ് കോൺക്രീറ്റ് | | | |
| 04 | ചിന്നമൂലത്തറ പള്ളി മുതൽ വിനായകർ കോവിൽ വരെ റോഡ് കോൺക്രീറ്റ് | 1.9768 | 0.8976 | 41 |

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങൾ നല്ല രീതിയിൽ നിർവ്വഹിച്ച് വരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

1-21 ഭവന പുനരുദ്ധാരണം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് നം. 66/20 – ഭവന പുനരുദ്ധാരണം(ജനറൽ)
അടങ്കൽ- 2400000 (പ്ലാൻ ജനറൽ)
ചെലവ്-1400000
നിർവഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

96 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുവാനാണ് പദ്ധതി ലക്ഷ്യമിട്ടത്. 92 ഗുണഭോക്താക്കളുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് ആദ്യ ഗഡുവായ 12500/- രൂപ വീതം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 74 പേർക്ക് മാത്രമാണ് രണ്ടാം ഗഡു അനുവദിച്ചത്. 18 പേരുടെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയതായി കാണുന്നില്ല.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.14/18.06.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്താക്കളിൽ നിന്നും ആദ്യ ഗഡു നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ

എ. ചെലവിന്റെ വിവരം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 61 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 25 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 2.730 കോടി രൂപയിൽ 1.10 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 40% മാത്രമാണ് തൻവർഷത്തെ ചെലവ്.

36 പ്രോജക്റ്റുകൾ സ്പിൽ ഓവറായി അടുത്ത വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. പല കരാറുകാരും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നതും ഫണ്ട് വിനിയോഗത്തെ ബാധിക്കുന്നുണ്ട്. PWD മാന്വൽ പ്രകാരം പരമാവധി 50% വരെയുള്ള കാലയളവാണ് പൂർത്തീകരണത്തിനായി ദീർഘിപ്പിച്ചു നൽകാവുന്നത്. കോവിഡ് പ്രതിസന്ധിക്കു മുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന ധാരാളം പ്രവൃത്തികൾ തൻവർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ട്രഷറിയിൽ സമർപ്പിച്ച 59.86 ലക്ഷം രൂപ മൂല്യമുള്ള 16 ബില്ലുകൾ ക്യൂ വിൽ ആവുകയും തൻവർഷത്തെ അലോട്ട്മെന്റിൽ നിന്നും തുക മാറുവാൻ സാധിക്കാതെ വരികയും ബില്ലുകളെല്ലാം സ്പിൽ ഓവറാക്കേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തിട്ടുണ്ട്. ചെലവു കുറയുന്നത് ഫണ്ട് ലാപ്സ് ആകുന്നതിനിടയാക്കുന്നതാണ്.

ബി. രേഖകളുടെ സൂക്ഷിപ്പ്

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും

എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

2. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

3. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ളേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

4. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തു വാനും സാധിച്ചിട്ടില്ല.

5. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

7. ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നത് ജി.എസ്.ടി കൂടി ഉൾപ്പെട്ട തുകയിൽ നിന്നുമാണ്. ആയത് ക്രമപ്രകാരമല്ല

8. ടാർ ബാരലുകളുടെ തുക ബില്ലുകളിൽ നിന്നും കുറവു ചെയ്യുന്ന ടാർബാരലുകളുടെ യഥാർത്ഥ വില, ജി.എസ്.ടി എന്നിങ്ങനെ പ്രത്യേകം സൂചിപ്പിക്കാതെ ആകെ തുകയാണ് പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നത്. ആയതിനാൽ ജി.എസ്.ടി ഒടുക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

സി. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമല്ല.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാ ക്കേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
6. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ചു മാത്രം മെയന്റനൻസ് ഫണ്ട് ചെലവഴിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 5(1)/14-6-22 പ്രകാരം മേൽ വിഷയം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-23 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകി

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ നൽകുന്ന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയറുടെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരനിൽ നിന്നും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടിയിരുന്ന പിഴയുടേയും ഈടാക്കിയ പിഴയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 43/19-RPV പുളൂർ പഴയ SC കോളനി കോൺക്രീറ്റ്<br>അടങ്കൽ - 160000 (ജനറൽ)<br>PAC- 149499<br>കരാറുകാരൻ - ശ്രീ.ലാസർ.എ<br>എഗ്രിമെന്റ് നം.:18/06-08-2018<br>അളവു പുസ്തകം - 1/19-20<br>ചെലവ് - 143961<br>ബിൽ നം.6/22-6-2019<br>പൂർത്തീകരണ കാലാവധി - 6 മാസം | 5-2-2019 | 11-6-2019 | 2844 | 4484 (3%) | 1640 |
| 2 | 110/20-ശിവരാമഭാരതി എസ്.സി കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം<br>അടങ്കൽ - 1473600 (SCP)<br>PAC- 1472921 | 5-11-2018 | 21-3-2019 | 19914 | 44187 (3%) | 24273 |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ - ശ്രീ.പ്രകാശൻ.വി<br>എഗ്രിമെന്റ് നം.:14/6-12-2017<br>അളവു പുസ്തകം - 15/17-18, 37/17-18, 39/18-19<br>ചെലവ് - 1337089<br>അവസാന ബിൽ നം.8/2-6-2019<br>പൂർത്തീകരണ കാലാവധി - 12 മാസം | | | | | |
| 3 | 59/18-RVP പുളൂർ വിവിധ ഇടവഴികൾ-റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ - 960158 (MG-Road)<br>PAC- 960158<br>കരാറുകാരൻ - ശ്രീ.ജി.അയ്യാസാമി<br>എഗ്രിമെന്റ് നം.:24/28-12-2017<br>അളവു പുസ്തകം - 28/18-19<br>ചെലവ് - 981274<br>ബിൽ നം.14/4-8-2019<br>പൂർത്തീകരണ കാലാവധി - 8 മാസം | 28-8-2018 | 20-2-2019 | 16573 | 28804<br>(3%) | 12231 |

ആകെ ഫൈൻ – 38144 രൂപ

PWD മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 5(2)/14-6-22) ന് മറുപടി ലഭ്യമായില്ല. കരാറുകാരിൽ ഈടാക്കുവാൻ വിട്ടുപോയ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-24 ശിവരാമഭാരതി എസ്.സി കോളനി കമ്മ്യൂണിറ്റി ഹാൾ പ്രയോജനപ്പെടുത്തേണ്ടതാണ്

ശിവരാമഭാരതി എസ്.സി കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായി രണ്ട് പ്രോജക്റ്റുകൾ രൂപീകരിച്ച് 19.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും കെട്ടിടം പ്രയോജനപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 110/20- ശിവരാമഭാരതി എസ് .സി കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

അടങ്കൽ - 1473600 (SCP)

കരാറുകാരൻ - ശ്രീ.പ്രകാശൻ.വി

എഗ്രിമെന്റ് നം.:14/6-12-2017

അളവു പുസ്തകം - 15/17-18, 37/17-18, 39/18-19

ചെലവ് - 1337089

അവസാന ബിൽ നം.8/2-6-2019

കെട്ടിട നിർമ്മാണം 3/2019 ൽ പൂർത്തീകരിച്ചിട്ടുണ്ട്.

2. 116/20-ശിവരാമഭാരതി എസ് .സി കോളനി കമ്മ്യൂണിറ്റി ഹാൾ - ഇലക്ട്രിഫിക്കേഷൻ , പ്ലംബിംഗ്,

കോമ്പൗണ്ട് ഹാൾ

അടങ്കൽ - 820000 (SCP)

സിവിൽ പ്രവൃത്തികൾക്കായി 5.13 ലക്ഷം രൂപയും വൈദ്യുതീകരണത്തിനായി 3 ലക്ഷം രൂപയും വകയിരുത്തി പ്രത്യേകം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തികൾ പൂർത്തീ കരിച്ചിട്ടുള്ളത്.

എ. സിവിൽ പ്രവൃത്തികൾ

കരാറുകാരൻ - ശ്രീ.ലിയാക്കത്തലി

എഗ്രിമെന്റ് നം.:29/4-1-2019

അളവു പുസ്തകം - 2/19-20

ചെലവ് - 586530

ബിൽ നം.26/22-6-2019

ബി. വയറിംഗ് പ്രവൃത്തികൾ

കരാറുകാരൻ - ശ്രീ.കെ.ആർ.ബാലസുബ്രമണ്യൻ

എഗ്രിമെന്റ് നം.:32/4-2-2019

അളവു പുസ്തകം - 31/18-19

ചെലവ് - 89926

ബിൽ നം.13/11-7-2019

കെട്ടിട നിർമ്മാണം നടത്തിയത് എന്ത് ആവശ്യത്തിനാണെന്നും കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം (നം.5(3)/14-6-22) ന് മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും കെട്ടിടം പ്രയോജനപ്പെടുത്തിയതിന്റേയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-25 SSA വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

SSA പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 40% തുക SSA യുടെ ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം 6/20-SSA വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- എച്ച്.എം, GUPS

അടങ്കൽ - 547300

ചെലവ് - 547300 (ബിൽ നം. 1/1-10-19)

അക്കൗണ്ട് നം. 0812101063415, കനറാ ബാങ്ക്

ഓഡിറ്റ് അന്വേഷണം നം. 10/16-10-22 പ്രകാരം രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമായില്ല. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സോഡിയം വേപ്പർ ലാമ്പ് റിപ്പയറിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക നിരാകരിക്കുന്നു

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടതാണ്. ചുമതല കൃത്യമായി നിർവ്വഹിക്കുന്നതിനായി തെരുവു വിളക്കുകളുടെ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകളോടുകൂടി സൂക്ഷിച്ചിട്ടില്ല. 14 വാർഡുകളിലുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്താതെയാണ് തെരുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ടെണ്ടർ ഉറപ്പിച്ച് നൽകിയിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. അറ്റകുറ്റപ്പണികൾക്കായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദാംശം താഴെ ചേർക്കുന്നു :

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് | 35/20-തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി |
| അടങ്കൽ | 4,95,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തീയതി | ചെലവ് |
| 32/19-20/21/01/2020 | 1,43,049/- |
| 33/19-20/21/01/2020 | 1,77,703/- |
| 34/19-20/21/01/2020 | 1,74,248/- |
| ആകെ | 4,95,000/- |

ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത PWD കോൺട്രാക്റ്ററായ വിജയകുമാർ എന്നയാളാണ് അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചിട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ വർക്ക് ബില്ലുകൾ പ്രകാരം കൂടുതലും വൈദ്യുതി ഉപഭോഗം കൂടിയ തെരുവു വിളക്കുകളാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളതെന്ന് കണ്ടെത്തി. സോഡിയം വേപ്പർ ലാമ്പുകൾ, ഡബിൾ ട്യൂബുകൾ, സിംഗിൾ ട്യൂബുകൾ, എൽ.ഇ.ഡി, സി.എഫ്.എൽ എന്നീ ലാമ്പുകളുടെ പരിപാലനത്തിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

ആകെ ചെലവിൽ ആറ് സോഡിയം വേപ്പർ ലാമ്പുകൾ റിപ്പയർ ചെയ്തതിനുള്ള തുക താഴെ ചേർക്കുന്നു.

1) വർക്ക് ബിൽ നം . 7.6.2009 പ്രകാരം
സോഡിയം വേപ്പർ ലാമ്പ്

| ഇനം | എണ്ണം | ചെലവ് |
|---|---|---|
| ഡിസ്മാന്റൽ ചാർജ്ജ് | 4 | 800 |
| കോപ്പർ ചോക്ക് | 3 | 5,304 |
| കപ്പാസിറ്റർ | 4 | 2,268 |
| ഇഗ്നേറ്റർ | 4 | 1184 |
| ഹോൾഡർ | 2 | 154 |
| | ആകെ | 9,710 |

2) വർക്ക് ബിൽ നം . 10.6.2009 പ്രകാരം
സോഡിയം വേപ്പർ ലാമ്പ്

| തരം | എണ്ണം | തുക |
|---|---|---|
| ഡിസ്മാന്റൽ ചാർജ്ജ് | 2 | 400 |
| കോപ്പർ ചോക്ക് | 2 | 3,536 |
| കപ്പാസിറ്റർ | 2 | 1,134 |
| ഇഗ്നേറ്റർ | 2 | 592 |
| ഹോൾഡർ | 1 | 77 |
| ആകെ | | 5,739/- |

ആകെ – 15,449/- രൂപ (9,710+5,739)
ഗ്രാമപഞ്ചായത്ത് പരിധിയിൽ സോഡിയം വേപ്പർ ലാമ്പുകൾ നിലവിലുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല.

1) 14.02.2018 ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.7.9.1 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈ വോൾട്ട് ഇൻകാൻഡസന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി

സ്ഥാപിക്കുന്നതിനോ പ്രോജക്റ്റുകൾ ഏറ്റെടുക്കുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിന് വിരുദ്ധമായി പ്രസ്തുത വിളക്കുകൾ AMC പ്രകാരം മാറ്റി സ്ഥാപിച്ചത് മാർഗ്ഗരേഖാ ലംഘനമാണ്.

2) തെരുവു വിളക്കുകളുടെ കൃത്യമായ കണക്കില്ലാതെ എ.എം.സി നടത്തിയതുമൂലം കരാറുകാരൻ സമർപ്പിക്കുന്ന ബില്ലിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കുവാൻ സാധ്യമായില്ല.
15.06.2022 ലെ ഓഡിറ്റ് അന്വേഷണം നം.8 ന് സെക്രട്ടറി സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, തനത് വരുമാനം കുറവായതിനാലുമാണ് ജനങ്ങൾക്ക് ഉതകുന്ന തരത്തിൽ വികസന ഫണ്ട് വിനിയോഗിച്ച് പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. പഞ്ചായത്ത് അധികൃതർ KSEB കൊഴിഞ്ഞാമ്പാറ, KSEB വേലന്താവളം എന്നിവരുടെ കൂടെ സംയുക്ത പരിശോധന നടത്തി വിശദവിവരങ്ങൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഉയർന്ന ഊർജ്ജ ഉപഭോഗമുള്ള സോഡിയം വേപ്പർ ലാമ്പുകൾക്കായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 15,449/- രൂപ പ്രവൃത്തി നടന്ന സമയത്തെ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) എൽ.ഇ.ഡി ലാമ്പുകൾ മറ്റ് ലാമ്പുകളേക്കാൾ ആയസ്സ് കൂടിയതും ഊർജ്ജ ഉപഭോഗം കുറവുമായതിനാൽ എല്ലാ തെരുവിളക്കുകളും എൽ.ഇ.ഡി ലാമ്പുകൾ ആക്കുവാൻ മുൻഗണന നൽകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 10.6.2022 മുതൽ 20.6.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5709 | പാലിയേറ്റീവ് | 0 | 5709 |
| | 2018-19 | 60000 | ലൈഫ് ഭവനം | 0 | 60000 |
| | 2018-19 | 46772 | പാൽ ഇൻസന്റീവ് | 0 | 46772 |
| | 2019-20 | 200,000 | പാലിയേറ്റീവ് കെയർ | 200,000 | 0 |
| | 2019-20 | 16910 | ഉഴവു കൂലി | 16910 | 0 |
| | 2019-20 | 1,8,50,000 | ലൈഫ്-ജനറൽ | 1,8,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 58144 | ലൈഫ്-ജനറൽ | 40000 | 18144 |
| | 2018-19 | 519501 | ലൈഫ്-എസ്.സി | 0 | 519501 |
| | 2019-20 | 32000 | ഉഴവു കൂലി | 32000 | 0 |

സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം മറ്റു സ്ഥാപനങ്ങളിൽ തുകയൊന്നും ഡെപ്പോസിറ്റ് ചെയ്തിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ വായ്പാ തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം | KURDFC/ A2 /289/ 2018 /18.9. 2018 | 2360311 | 49100000 | 51460311 | 4132353 (*) | | 47327958 |

(*) ജനറൽ, എസ്.സി.പി വിഭാഗങ്ങളിൽ ആകെ നാലു പ്രോജക്റ്റുകൾ രൂപീകരിച്ച് വകയിരുത്തിയ തുകയാണ് വായ്പാ തിരിച്ചടവിനായി ഉപയോഗിച്ചിട്ടുള്ളത്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളൊന്നും നിലവിലില്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 11064801 |
| ഓഡിറ്റ് വർഷത്തെ വരവ് | 119994496 |
| ആകെ | 131059297 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 102209682 |
| നീക്കിയിരിപ്പ് | 28849615 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15449 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | . | 15449 | ശ്രീ.കെ.കെ.ജയകുമാർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 38144 | ശ്രീമതി.ഷിപി.എസ്, അസി.എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.കെ.ജയകുമാർ, സെക്രട്ടറി | റിട്ടയേർഡ് | കോട്ടയത്തിൽ വീട്, വെങ്ങിണിശ്ശേരി(പി.ഒ), തൃശ്ശൂർ-680563 |
| ശ്രീമതി.ഷിപി.എസ്, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, ഇറിഗേഷൻ സെക്ഷൻ, ചിറ്റൂർ | ലിഷി, വാണിയാർ സ്ട്രീറ്റ്, ചിറ്റൂർ, പാലക്കാട്-678101 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | അവശേഷിക്കുന്ന |
|---|---|---|

| | വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 1997-98 | KSA-PKD11/1172/18 Dt. 09.10.2018 | 0 |
| 1998-99 | KSA-PKD11/1172/18 Dt. 09.10.2018 | 4 |
| 1999-00 | KSA-PKD11/1172/18 Dt. 09.10.2018 | 6 |
| 2000-01 | KSA-PKD11/1172/18 Dt. 09.10.2018 | 7 |
| 2001-02 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 2002-03 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 2003-04 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 2004-05 | KSA-PKD11/1172/18 Dt. 09.10.2018 | 5 |
| 2005-06 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 2006-07 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 2007-08 | LFP11/2078/13/4.12.13 | 12 |
| 2008-09 | LFP11/709/13/18.06.13 | 2 |
| 2009-10 | LFP11/262/14/11.03.14 | 5 |
| 2010-11 | LFP11/2089/12/23.11.12 | 5 |
| 2011-12 | LFP11/712/14/06.06.14 | 8 |
| 2012-13 | LF.P11-334/15/ 26.3.15 | 12 |
| 2013-14 2014-15 | KSA-PKD 11/1104/2016/ 03.08.2016 | 20 |
| 2015-16 | KSA-PKD11/2135/2016/ 21.01.2017 | 8 |
| 2016-17 | KSA-PKD11/1766/17/10.10.2017 | 17 |
| 2017-18 | KSA-PKD11/2252/2018/17.12.2018 | 14 |
| 2018-19 | KSA-PKD11/551/20/10.8.2020 | 16 |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക ധനകാര്യ പത്രികകൾ

| Eruthempathy Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11040651.00 |
| Cash | Cash | RP-40(a) | 24150.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 793050.00 |
| 140000000 | Fees & User Charges | RP-4 | 355071.00 |
| 150000000 | Sale & Hire Charges | RP-5 | 132658.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36212111.00 |
| 171000000 | Interest Earned | RP-9 | 169498.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 29944204.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 183298.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 73333.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1330.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 49100000.00 |
| 340000000 | Deposits Received | RP-34 | 7943.00 |
| 350000000 | Other Liabilities | RP-36 | 96189.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2133819.00 |
| 460000000 | Loans, Advances and Deposits | RP-47 | 791992.00 |
| | Grand total | | 131059297.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2510664.00 |
| 220000000 | Administrative Expenses | RP-12 | 958407.00 |
| 230000000 | Operations & Maintenance | RP-13 | 2971064.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3334942.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18911927.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 895000.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1533755.00 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 68640.00 |
| 255000000 | Maintenance Projects | RP-20 | 3523968.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25000.00 |
| 280000000 | Prior Period item | RP-26 | -1148.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2531540.00 |
| 350000000 | Other Liabilities | RP-36 | 5107221.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 24278.00 |
| 340000000 | Deposits Received | RP-34 | 23175.00 |
| 350000000 | Other Liabilities | RP-36 | 1136091.00 |
| 410000000 | Fixed Assets | RP-38 | 8859459.00 |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 49100000.00 |
| 460000000 | Loans, Advances and Deposits | RP-47 | 695699.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 28849615.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 131059297.00 |

ഡെപ്യൂട്ടി ഡയറക്ടർ

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | Eruthempathy Grama Panchayat INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2651412.00 |
| 140000000 | Fee & User Charges | I-4(b) | 1129671.00 |
| 150000000 | Sale & Hire Charges | I-5(b) | 132658.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 71985830.00 |
| 171000000 | Interest Earned | I-8 | 169498.00 |
| 180000000 | Other Income | I-9 | 154530.00 |
| | Total Income | | 76223599.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8482786.00 |
| 220000000 | Administrative Expenses | I-11(b) | 958407.00 |
| 230000000 | Operations & Maintenance | I-12(b) | 3450022.00 |
| 240000000 | Interest & Finance Charges | I-13 | 24278.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3334942.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42335614.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 895000.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1533755.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 11474040.00 |
| 255000000 | Maintenance Projects | I-14(e) | 3523968.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 25000.00 |
| 272000000 | Depreciation | I-17(a) | 4205675.00 |
| | Total Expenditure | | 80243487.00 |
| | Gross Surplus/ Deficit of income over Expenditure | | -4019888.00 |
| 280000000 | Prior Period Item | I-18 | -2407900.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1611988.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | Eruthempathy Grama Panchayat BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -44521508.90 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 70367078.00 |
| | Total Reserve & Surplus | | 25845569.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 26207917.00 |
| | Total Grants, Contributions for Specific Purposes | | 26207917.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 47327958.00 |
| | Total Loans | | 47327958.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 756342.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 45604385.90 |
| | Total Current Liabilities and Provisions | | 46360727.90 |
| | TOTAL LIABILITIES | | 145742172.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 81937707.00 |
| 411000000 | Accumulated Depreciation | B-11 | -14145204.00 |
| 412000000 | Capital Work in Progress | B-11(a) | 600000.00 |
| | Total Fixed Assets | | 68392503.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1149193.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 47327958.00 |
| 450000000 | Cash and Bank Balance | B-17 | 28849615.00 |
| 460000000 | Loans, Advances and Deposits | B-18 | 22903.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 77349669.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 145742172.00 |

ഡെപ്യൂട്ടി ഡയറക്ടർ